## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ : യു.വി. ജോസ് ഐ.എ.എസ്)

വിഷയം: ഐ&പി.ആർ.ഡി. - ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ **"COVID19 Cell"** രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- 16/03/2020-ലെ G.O. (Rt) 580/2020/H&FWD നമ്പർ ഉത്തരവ്.

---

ഉത്തരവ് നം. എ 1/ 63/2020/ഐ&പി.ആർ.ഡി. തിരുവനന്തപുരം, തീയതി : 18-03-2020.

---

ലോകാരോഗ്യ സംഘടന (WHO) COVID19 ആഗോള മഹാമാരിയായി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത രോഗത്തിന്റെ വ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ വകുപ്പുകളും **COVID 19 Cell** രൂപീകരിക്കേണ്ടതാണെന്ന് സംസ്ഥാന സർക്കാർ സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ചുവടെ പരാമർശിക്കും പ്രകാരം **COVID 19 Cell** രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

### സംസ്ഥാന നോഡൽ ഓഫീസർ

ശ്രീ. സന്തോഷ് കുമാർ . കെ. (അഡീഷണൽ ഡയറക്ടർ, ജനറൽ & അഡ്മിനിസ്ട്രേഷൻ)

### മേഖലാ നോഡൽ ഓഫീസർമാർ

1. കൊല്ലം മേഖല- മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (തിരുവനന്തപുരം, കൊല്ലം)
2. കോട്ടയം മേഖല-മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം (പത്തനംതിട്ട, ഇടുക്കി, കോട്ടയം)
3. എറണാകുളം മേഖല-മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (ആലപ്പുഴ, എറണാകുളം)
4. തൃശ്ശൂർ മേഖലാ- മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (പാലക്കാട്, തൃശ്ശൂർ)
5. കോഴിക്കോട് മേഖലാ- മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (മലപ്പുറം, കോഴിക്കോട്)
6. കണ്ണൂർ മേഖലാ- മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (വയനാട്,കണ്ണൂർ,കാസർഗോഡ്)

### ജില്ലാ നോഡൽ ഓഫീസർമാർ

| | |
|---|---|
| 1. | തിരുവനന്തപുരം- ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തിരുവനന്തപുരം |
| 2. | കൊല്ലം-ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കൊല്ലം |
| 3. | പത്തനംതിട്ട-ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പത്തനംതിട്ട |

| | |
|---|---|
| 4. | ആലപ്പുഴ -ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ |
| 5. | കോട്ടയം-ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോട്ടയം |
| 6. | ഇടുക്കി-ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി |
| 7. | എറണാകുളം-ജില്ലാ ഇൻഫർമേഷൻ ഓഫീസർ, എറണാകുളം |
| 8. | തൃശ്ശൂർ-ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശ്ശൂർ |
| 9. | പാലക്കാട്-ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പാലക്കാട് |
| 10. | മലപ്പുറം-ജില്ലാ ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം |
| 11. | കോഴിക്കോട്-ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോഴിക്കോട് |
| 12. | വയനാട്-ജില്ലാ ഇൻഫർമേഷൻ ഓഫീസർ, വയനാട് |
| 13. | കണ്ണൂർ-ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ |
| 14. | കാസർഗോഡ്-ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കാസർഗോഡ് |

ജില്ലാ നോഡൽ ഓഫീസർമാർ ജില്ലയിലെ COVID 19 നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുമായുള്ള സംയുക്ത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ പത്ര-ദൃശ്യ മാധ്യമങ്ങളിൽ കൂടിയും, സാമൂഹ്യ മാധ്യമങ്ങളിൽ കൂടിയും വേണ്ടത്ര പ്രചാരണം നടത്തുകയും പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ആശങ്കകളും മറ്റും പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

ജില്ലാ നോഡൽ ഓഫീസർമാർ നടത്തുന്ന പ്രവർത്തനങ്ങൾ ബന്ധപ്പെട്ട മേഖലാ നോഡൽ ഓഫീസർമാർ കൃത്യമായി നിരീക്ഷിക്കേണ്ടതും, അതാത് ദിവസം തന്നെ പ്രവർത്തന റിപ്പോർട്ട് സംസ്ഥാന നോഡൽ ഓഫീസർക്ക് നൽകേണ്ടതുമാണ്.

COVID19-നുമായി ബന്ധപ്പെട്ട് വിളിച്ച് ചേർക്കുന്ന എല്ലാ യോഗങ്ങളിലും വകുപ്പിനെ പ്രതിനിധീകരിച്ച് സംസ്ഥാന നോഡൽ ഓഫീസർ പങ്കെടുക്കേണ്ടതും, ആവശ്യമെന്ന് തോന്നുന്ന പക്ഷം വകുപ്പ് ഡയറക്ടറേറ്റിലെ മറ്റ് ഉദ്യോഗസ്ഥരുടെ സേവനം കൂടി പ്രസ്തുത യോഗങ്ങളിലും, തുടർ പ്രവർത്തനങ്ങളിലും ലഭ്യമാക്കേണ്ടതുമാണ്.

COVID19 Cell രൂപീകരണവുമായി ബന്ധപ്പെട്ട് സൂചന പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശങ്ങൾ എല്ലാ നോഡൽ ഓഫീസർമാരും കൃത്യമായി പാലിക്കേണ്ടതാണ്.

**യു.വി. ജോസ് ഐ.എ.എസ്,**
**ഡയറക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്.
വകുപ്പ് ഡയറക്ടറേറ്റിലെ എല്ലാ ഉദ്യോഗസ്ഥർക്ക്.
എല്ലാ സെക്ഷൻ ഓഫീസർമാർക്ക്.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്.
ഡയറക്ടറുടെ / അഡീ.ഡയറക്ടറുടെ (Genl. & Admin/EMD)/ ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Aswathi

സെക്ഷൻ ഓഫീസർ